<u>ഭരണഭാഷ- മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കൻഡറി വിഭാഗം
ജഗതി, തിരുവനന്തപുരം
**Email Id: dirdhse.dge@kerala.gov.in**
ഫോൺ നമ്പർ : **0471 2580756**

**എച്ച്.എസ്.ഇ/5592/2025 – എഡി ബി2 തീയതി :09-09-2025**

## <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കൻഡറി വിഭാഗം – ജീവനക്കാര്യം എച്ച്.എസ്.എസ്.റ്റി ജൂനിയർ ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് തസ്തികകളിലേക്കുള്ള ഡിപ്പാർട്ട്മെന്റൽ, ഹയർ സെക്കൻഡറി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ, ലാബ് അസിസ്റ്റന്റുമാർ എന്നിവരുടെ തസ്തികമാറ്റ നിയമനം – അപേക്ഷ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന : 1. 01/07/2025 ലെ ഇതേ നമ്പർ സർക്കുലർ
2. OA(EKM) 1473/2022 ന്റെ 21/07/2025 ലെ ഉത്തരവ്.
3. പൊതുവിദ്യാഭ്യാസ(ജെ.എ) വകുപ്പിൽ നിന്നുള്ള 03/09/2025 ലെ ജെ.എ2/132/2024/പൊവിവ നമ്പർ കത്ത്.

കേരളത്തിലെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ മൊത്തം ഹയർ സെക്കൻഡറി അധ്യാപക ജൂനിയർ തസ്തികയുടെ തസ്തികമാറ്റ നിയമനത്തിനായി 29/12/2020 മുതൽ 10/03/2025 വരെയുള്ള ഒഴിവുകളിലേക്ക് സൂചന (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികമാറ്റ നിയമനത്തിലേക്ക് 01/06/2025 വരെയുള്ള ഒഴിവുകൾ കൂടി പരിഗണിക്കുന്നതിന് സൂചന (3) പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ആയിന്റെ അടിസ്ഥാനത്തിൽ നിലവിൽ അപേക്ഷ ക്ഷണിച്ചിട്ടില്ലാത്ത എച്ച്.എസ്.എസ്.ടി. ജൂനിയർ ഫിസിക്സ്, കെമിസ്ട്രി, ഇംഗ്ലീഷ് തസ്തികളിലെ ബൈട്രാൻസ്ഫർ ഒഴിവുകളിലേക്ക് **തസ്തികമാറ്റ നിയമനത്തിനായി ഗവ. സ്കൂളുകളിലെ യോഗ്യരായ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ അധ്യാപകരിൽ നിന്നും പൊതുവിദ്യാഭ്യാസ (ഹയർ സെക്കൻഡറി വിഭാഗം)**

**വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും, ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നും ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുന്നു.** അപേക്ഷ സമർപ്പിക്കുന്നവർ **www.hscap.kerala.gov.in** വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചന(1) സർക്കുലറിലെ നിർദ്ദേശങ്ങൾ മനസിലാക്കി അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നു. സൂചന (1) സർക്കുലറിൽ പ്രൊബേഷൻ കാലയളവിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചവർ ആയത് അപേക്ഷയിൽ രേഖപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയത് പ്രൊബേഷൻ കാലയളവിൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിന് ശേഷം **FRESH ENTRANT** ആയി തിരികെ ജോലിയിൽ പ്രേവേശിച്ചവർ മാത്രം ടി കാലയളവ് ശൂന്യവേതനാവധി ആയി രേഖപ്പെടുത്തിയാൽ മതിയാകും എന്ന് തിരുത്തി വായിക്കുവാൻ നിർദേശം നൽകുന്നു.

ഓൺലൈൻ മുഖേന തസ്തികമാറ്റ അപേക്ഷകൾ **10/09/2025** മുതൽ **16/09/2025, 5.00 PM.** വരെ സമർപ്പിക്കാവുന്നതാണ്. . സർട്ടിഫിക്കറ്റ് പരിശോധനാ വേളയിൽ മാത്രം അസ്സൽ അപേക്ഷ പൊതുവിദ്യാഭ്യാസ വകുപ്പ് (ഹയർ സെക്കൻഡറി വിഭാഗം) ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

**Site Address : www.hscap.kerala.gov.in**

Signed by
Santhosh Kumar
Date: 09-09-2025 16:51:57

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**